പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3023 13.07.2015-ൽ മറുപടിക്ക്.

# കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി. ഉബൈദുള്ള | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | : (എ) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) കരട് വിജ്ഞാപനത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | :(ബി) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിലേക്ക് മാറ്റുവാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ച പരുവമണ്ണ പ്രദേശം കൊളത്തൂർ പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടില്ല. ആയത് പരിശോധിച്ചതിൽ കൊളത്തൂർ പോലീസ് സ്റ്റേഷനിലെ 'പൈങ്ങമ്മണ്ണ' എന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രദേശവും 'പരുവമണ്ണ' എന്ന പ്രദേശവും ഒന്നാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. |
| (സി) പ്രസ്തുത വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഇ1-21566/12 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;<br><br>(ഡി) മലപ്പുറം നഗരത്തിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം സ്റ്റേഷൻ പരിധിയിലാക്കാൻ അനുകൂല നടപടികൾ സ്വീകരിക്കുമോ? | (സി)യും (ഡി)യും മലപ്പുറം ജില്ലയിലെ മലപ്പുറം പോലീസ് സ്റ്റേഷന്റെയും കൊളത്തൂർ പോലീസ് സ്റ്റേഷന്റെയും പരിധി പുനർനിർണ്ണയിക്കുന്ന വിഷയമാണ് 21566/ഇ1/12/ആഭ്യന്തരം നമ്പർ ഫയലിൽ പരിശോധിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുത്തി 10.07.2015 ലെ ജി.ഒ (ആർ.റ്റി) നമ്പർ 1734/2015/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ